**പതിനാലാംകേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 8 — 26-09-2016 ൽ മറുപടിക്ക്**

## ഭരണ നടപടികൾ സുതാര്യമാക്കുന്നതിനുള്ള നയം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. അബ്ദുൾ ഹമീദ്. പി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഭരണ നടപടികൾ സുതാര്യവും ലളിതവുമാക്കുന്നതു സംബന്ധിച്ച സർക്കാർ നയം വെളിപ്പെടുത്തുമോ; | (എ) | ഭരണ നടപടികൾ സുതാര്യവും ലളിതവുമായിരിക്കണം എന്നുതന്നെയാണ് സർക്കാർ നയം. |
| (ബി) മന്ത്രിസഭാ തീരുമാന വിവരങ്ങൾ ജനങ്ങളിൽ എത്തുന്നതിൽ എന്തെങ്കിലും അപാകതയുള്ളതായി സർക്കാർ കുരുതുന്നുണ്ടോ; എങ്കിൽ അതെന്താണെന്നു വ്യക്തമാക്കുമോ; | (ബി) | മന്ത്രിസഭായോഗ തീരുമാനങ്ങൾ ജനങ്ങളിൽ എത്തുന്നതിൽ എന്തെങ്കിലും അപാകതയുള്ളതായി ഈ സർക്കാർ കരുതുന്നില്ലെന്ന് മാത്രമല്ല അവ എത്രയും പെട്ടെന്ന് നടപ്പിലാക്കാനും നിയമപ്രകാരം നൽകേണ്ട വിവരം താമസംവിനാ ജനങ്ങളിലെത്തിക്കാനും വേണ്ട നടപടികൾ സ്വീകരിക്കാനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഭരണ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അവ പുറപ്പെടുവിച്ച ഉടൻ തന്നെ മന്ത്രിസഭാ യോഗത്തിന്റെ നടപടി കുറിപ്പുകൾ, അജണ്ടാ കുറിപ്പുകൾ എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന ഉത്തരവ് എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. അതിൻ പ്രകാരം സർക്കാർ വെബ് സൈറ്റിൽ അവ ഇപ്പോൾ പ്രസിദ്ധീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) മാസങ്ങൾക്കുമുമ്പുള്ള മന്ത്രിസഭാ തീരുമാന വിവരങ്ങൾ നൽകണമെന്ന വിവരാവകാശ കമ്മീഷൻ ഉത്തരവിനെതിരെ ഹൈക്കോടതിയെ സമീപിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ? | (സി) | മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്ന വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെതിരെയല്ല സർക്കാർ ബഹു. ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമ |

പ്രകാരം നൽകണമെന്നുതന്നെയാണ് ഈ സർക്കാരിന്റെ നയം. 2005 ലെ വിവരാവകാശ നിയമം വകുപ്പ് 8(1) (i) പ്രകാരം മന്ത്രിസഭായോഗ തീരുമാനങ്ങൾ, തീരുമാനമെടുത്ത് കാര്യം പൂർത്തിയായതിനോ കഴിഞ്ഞതിനോ ശേഷം മാത്രമെ പ്രസിദ്ധപ്പെടുത്താൻ കഴിയുകയുള്ളൂ. ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും മന്ത്രിസഭായോഗത്തിന്റെ തീരുമാനങ്ങൾ അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ ഫയലുകളിൽ ചേർത്ത് തുടർ നടപടികൾക്കായി നൽകുകയാണ് ചെയ്തുവരുന്നത്. അവയിൽ തീരുമാനങ്ങളനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. ആയതിനാൽ മന്ത്രിസഭാ തീരുമാനങ്ങളുടെ വിശദാംശങ്ങൾ വിവരാവകാശനിയമ പ്രകാരം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. മുൻ സർക്കാരിന്റെ 01-01-2016 മുതൽ 12-03-2016 വരെയുള്ള കാലയളവിലെ മന്ത്രിസഭാ തീരുമാനങ്ങൾ, മിനിട്സ്, അജണ്ട, മന്ത്രിസഭാ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള ഒരു അപേക്ഷയിൻമേൽ അവ ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് നൽകണമെന്ന് മുഖ്യ വിവരാവകാശ കമ്മീഷണർ ഉത്തരവ് നൽകിയിരുന്നു. അപ്രകാരം നടപടി പൂർത്തിയായതും പൂർത്തിയാകാത്തതുമായ മന്ത്രിസഭാ തീരുമാനങ്ങൾ 796 എണ്ണമുണ്ട്. അവ വേർതിരിച്ചു അപേക്ഷകന് നൽകുന്നത് ചീഫ് സെക്രട്ടറിയുടെ ഓഫീസിന്റെ പ്രവർത്തനത്തെ അനുയോജ്യമല്ലാത്ത വിധത്തിൽ വ്യതിചലിപ്പിക്കുമെന്ന തിനാലാണ് സർക്കാർ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഹർജി സമർപ്പിച്ചത്.

സെക്ഷൻ ഓഫീസർ